Uncorrected / Not for publication

## ശ്രദ്ധക്ഷണിക്കൽ

## അനധികൃത മണലൂറ്റ് മൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, കേരളത്തിലെ മണൽ മാഫിയ ഒരു കാലത്തുമില്ലാത്തവിധം ശക്തിപ്പെട്ടിരിക്കുകയാണ്. അനധികൃത മണലെടുപ്പ് വ്യാപകമായിരിക്കുന്നു. ഹരിതാഭമായ കേരളത്തിന്റെ ജീവജലമാണ് 44 നദികളികളിലൂടെ ഒഴികിക്കൊണ്ടിരിക്കുന്നത്. നദികളുടേയും നദീതട ജീവിത പദ്ധതിയുടേയും സമ്പൂർണ്ണമായ തകർച്ചയാണ് അനധികൃതവും അശാസ്ത്രീയവുമായി മണലൂറ്റിന്റെ അന്തിമ ഫലമെന്ന് പറയുന്നത്. നിർമ്മാണ പ്രവൃത്തികൾക്ക് അത്യാന്താപേക്ഷിതമായ മണലിന്റെ ലഭ്യത ന്യായവിലയ്ക്ക് ഉറപ്പുവരുത്തേണ്ട ബാധ്യത സർക്കാരിനുണ്ട്. എന്നാൽ ആ ചുമതല മണൽ മാഫിയകളെ എൽപ്പിച്ച് കൈയ്യും കെട്ടിയിരിക്കുന്ന സ്ഥിതിയാണ് സർക്കാർ സ്വീകരിച്ചുക്കൊണ്ടിരിക്കുന്നത്. മണൽ മാഫിയക്ക് വിഘാതമായവർ ആരായാലും അവരെ കൈകാര്യം ചെയ്യുമെന്ന അവസ്ഥയും അത്തരക്കാർക്ക് രാഷ്ട്രീയ സംരക്ഷണം നൽകുമെന്ന അവസ്ഥയും ഗുരുതരമായ സ്ഥിതിവിശേഷവുമാണ് സൃഷ്ടിച്ചിരിക്കുന്നത്. കോഴിക്കോട് ജില്ലാകളക്ടർ മോഹൻ കുമാറിനെ അപായപ്പെടുത്താനുള്ള ശ്രമം കഴിഞ്ഞദിവസമുണ്ടായി. അനധികൃത മണൽ കടത്തുകാരെ പിടികൂടിയതിന്റെ പേരിൽ വളപ്പട്ടണം പോലീസ് സ്റ്റേഷനിൽ കയറി ആക്രോശവും ഭീഷണിയും തെറിവിളിയും നടത്താൻ പോയ ഭരണകക്ഷി നേതാവായ എം.പി.യുടെ നിശ്ശബ്ദ വിനീതവിധേയനായി, കൂടെ ഈ സഭ

യിലെ ഒരു ഭരണകക്ഷി അംഗവും ഉണ്ടായിരുന്നുവെന്നത് വേദകരമാണ്. മണൽ മാഫിയയെ പിടികൂടിയ പോലീസ് സബ് ഇൻസ്പെക്ടർക്ക് പാരിതോഷികം സ്ഥലംമാറ്റമാണ് കിട്ടിയത്. ഈ ഭരണത്തിന്റെ തുടക്കം മുതൽ മണൽ മാഫിയകളുടെ അഴിഞ്ഞാട്ടത്തിന് ഒരുപാട് ഉദാഹരണങ്ങൾ പറയാൻ സാധിക്കും. പട്ടാമ്പിയിലെ എസ്.ഐ. ടി.എസ്. ബിനുവിന് നേരെ ഒക്ടോബർ മാസം ഓങ്ങല്ലൂർ കാരക്കാട്ട് മണൽ മാഫിയയുടെ വധശ്രമമുണ്ടായി. മണൽ വാരൽ തടഞ്ഞ രാമമംഗലം പഞ്ചായത്ത് പ്രസിഡന്റും കോൺഗ്രസ്സിന്റെ പിറവം ബ്ലോക്ക് പ്രസിഡന്റുമായ വിൽസൺ കെ. ജോണിനെ കഴിഞ്ഞ ജൂലായ് മാസത്തിൽ മണൽ മാഫിയക്കാർ ഇരുമ്പുവടികൊണ്ട് ആക്രമിച്ചു. മണൽ ലോറി പിടിച്ച കൊല്ലം അഡീഷണൽ തഹസീൽദാർ വിജയകുമാർ, ജീപ്പ് ഡ്രൈവർ ബിജു എന്നിവരെയും ആക്രമിച്ചു. കൊല്ലം ജില്ലയിലെ ചാത്തന്നൂർ പാലമുക്ക് തോട്ടത്തിൽകടവിൽ മണൽ റെയിഡിന് കാറിൽ എത്തിയ പരവൂർ എസ്.ഐ.യ്ക്ക് നേരെ ആക്രമണമുണ്ടായി. മണൽ മാഫിയയുടെ അടിയേറ്റ് പോലീസുകാർ പുഴയിൽ വീണ അനുഭവവും പൊന്നാനിയിലുണ്ടായി. തിരുവനന്തപുരം ജില്ലയിലെ വക്കത്ത് മണൽ ലോബികളുമായി ബന്ധമുള്ള മൂന്നംഗ സംഘം ചിറയിൻകീഴ് തഹസീൽദാർ ശ്രീ. ചന്ദ്രശേഖരനെ ആക്രമിച്ചു. അനധികൃത മണൽ കടത്തുന്ന ചെങ്ങന്നൂർ തഹസീർദാർ കെ.ജെ. അബ്ദുൾ ഹക്കീമിനെയും സംഘത്തേയും 2011 ഒക്ടോബർ മാസം 5-ാം തീയതി കൊലപ്പെടുത്താൻ ശ്രമം നടന്നു. ഇങ്ങനെ നിരന്തരമായ ആക്രമണങ്ങൾ ഇവിടെ

നടന്നുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ അവിശ്വസനീയമായ വാർത്തകൾ വരികയുമുണ്ടായി. കേരളത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പേരിൽ കള്ളപ്പാസിനെ സംബന്ധിച്ച വാർത്ത വന്നു. രാധാകൃഷ്ണൻ, മാന്ദ്രയിൽ വീട്, തിരുവഞ്ചൂർ എന്ന അഡ്രസ്സിൽ 2012 മേയ് മാസം 5-ാം തീയതി മലയാള മനോരമയിൽ വന്ന വാർത്തയാണ്. ജിയോളജി ഡിപ്പാർട്ടുമെന്റ് നൽകിയ പാസ് അദ്ദേഹത്തിന്റെ പേരിൽ എടുത്തു. അദ്ദേഹം മണൽ കടത്തിയെന്നല്ല. മിനറൽ റവന്യൂ ഇൻസ്പെക്ടർ, ഡിപ്പാർട്ടുമെന്റ് ഓഫ് ജിയോളജി, ഡിസ്ട്രിക്ട് ഓഫീസ്, കോട്ടയം എന്ന സീലോട് കൂടി അദ്ദേഹത്തിന്റെ പേരിൽ മണൽ കടത്തുണ്ടായി. കെ.എൽ. 5 എബി 661 എന്ന ഔദ്യോഗിക വാഹനം കോട്ടയം കളക്ടർ മിനി മാത്യൂവിന്റേതാണ്. ആ ഔദ്യോഗിക വാഹനത്തിൽ മണലിന്റെ അനധികൃത വ്യാജപാസ് സംഘടിപ്പിക്കാൻ മലയാള മനോരമ പത്രത്തിന് സാധിച്ചു. ഡി.ജി.പി. യുടെ പേരിൽ പാസ്സെടുത്ത് തമിഴ്നാട്ടിൽ നിന്നും മണൽ കടത്താൻ കഴിഞ്ഞതിനെക്കുറിച്ചും മലയാള മനോരമ വാർത്ത കൊണ്ടുവന്നു. ഇങ്ങനെ വ്യാജ പാസ്സുകൾ വ്യാപകമായി നടത്തുകയാണ്. ജിയോളജി ഡിപ്പാർട്ടുമെന്റ് നൽകിക്കൊണ്ടിരിക്കുന്ന ഈ പാസ്സുകളുമായി ബന്ധപ്പെട്ട് വാറ്റ് രജിസ്ട്രേഷനില്ലാത്തതിന്റെ ഭാഗമായി കോടിക്കണക്കിന് രൂപ സർക്കാരിന്റെ ഖജനാവിൽ നിന്നും നഷ്ടമാകുന്നു. വൈക്കം, വെള്ളൂർ സ്റ്റേഷനുകൾ മാഫിയ ഹബ്ബായിട്ടാണ് നില കൊള്ളുന്നത്. ഈ നിലയിൽ വ്യാപകമായി മണൽ കടത്ത് നടത്തുക

യാണ്. മണലെടുപ്പുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമപ്രകാരം പുഴയിൽ ഇറങ്ങി മണലെടുപ്പ് പാടില്ലെന്നിരിക്കെ, തൃശ്ശൂർ ജില്ലയിൽ വാഹനങ്ങൾ പുഴയിൽ ഇറങ്ങാൻ സെപ്റ്റംബർ മാസം 12-ാം തീയതി കളക്ടറുടെ നേതൃത്വത്തിൽ തീരുമാനമെടുത്തതായി അറിയുന്നു. ലാന്റ് റവന്യൂ കമ്മീഷണറുടെ നടപടിക്ക് ശുപാർശ ചെയ്തിട്ടുണ്ട്. ഇന്നലെ വൈകിട്ടും ചെറുതുരുത്തി പുഴയിൽ മണലെടുക്കുന്നതായി ചാനൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മണൽ മാഫിയ്ക്ക് ഒളിഞ്ഞും തെളിഞ്ഞും രാഷ്ട്രീയ സംരക്ഷണം നൽകുന്ന സർക്കാരിന്റെ നേതൃത്വമുള്ളതുകൊണ്ടല്ലേ ഈ ഭയാനകമായ സ്ഥിതി തുടരുന്നത്? ഇതിന് പദ്ധതിയുണ്ടാകണം. പുഴയുടെ വശങ്ങൾ കെട്ടി സംരക്ഷിക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റിവർ മാനേജുമെന്റ് ഫണ്ടും കൂടി ഒന്നിച്ചാണ് ചെയ്യേണ്ടത്. അത് നടപ്പാകുന്നില്ല. 209 കിലോമീറ്റർ ഒഴുകി ചമ്രവട്ടം പാലത്ത് കുറ്റിപ്പുറം തൊട്ട് പാലം വരെയുള്ള സ്ഥലത്ത് മണൽ നീക്കം ചെയ്ത് ഒരു ജലസംഭരണിയായി വളർത്തിയെടുക്കാനുള്ള സാഹചര്യമുണ്ട്. അവിടെ മണലുണ്ട്. ആ മണൽ ലഭിക്കാനവശ്യമായ വലിയൊരു പദ്ധതി സർക്കാർ ആസൂത്രണം ചെയ്യുന്നു. വശങ്ങളിൽ നിന്നും മണൽ ഊറ്റുന്നതിനുപകരം സർക്കാർ അതോറിറ്റി രൂപീകരിച്ച് ഇത് കഴിയുമോയെന്നുള്ളത് പരിശോധിക്കണം. പണ്ട് കശുവണ്ടി കടത്ത് തടയാൻ രൂപീകരിച്ചിരുന്നതുപോലെ കാഷ്യൂ സ്ക്വാഡ് മാതൃകയിൽ റവന്യൂ ഡിപ്പാർട്ടുമെന്റും പോലീസും സംയുക്ത ആയുധ സജ്ജരായ സ്ക്വാഡ് ടീമും രൂപീകരിക്കണം.

**Uncorrected / Not for publication**

റവന്യൂവിന്റെപോലെ പോർട്ട് വ്യാപകമായി മണൽ പാസ്സ് കൊടുത്തുക്കൊണ്ടിരിക്കുകയാണ്. കപ്പൽ ചാലുകൾ തടസ്സപ്പെടുത്തുന്ന ചെളിയും കെട്ടികിടക്കുന്ന മണ്ണും മാറ്റാനെന്ന പേരിൽ കൊടുക്കുന്ന ഈ പാസ്സ് ഉപയോഗപ്പെടുത്തി വ്യാപകമായ മണലൂറ്റ് പോർട്ടിന്റെ പരിസര പ്രദേശത്ത് 2.4 ചതുരശ്രകിലോമീറ്റർ ദൂരത്തിൽ നടക്കുകയാണ്. പോർട്ടിൽ നിന്നെടുക്കുന്ന മണലിൽ ഉപ്പ് കലർന്നതാണ്. ഈ ഉപ്പ് കലർന്ന മണൽ നിർമ്മാണ ആവശ്യത്തിന് മറിച്ച് വിൽക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ കെട്ടിടങ്ങൾക്ക് വലിയ ഭീഷണി നേരിടാൻ പോകുകയാണ്. നാലോ അഞ്ചോ വർഷം കഴിയുമ്പോൾ ഇവിടത്തെ കെട്ടിടങ്ങൾക്ക് ഭീഷണി ഉണ്ടാകും. ഈ ഉപ്പ് കലർന്ന മണലിന്റെ റിഫൈനിംഗ് ടെക്നോളജിക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കുന്നുണ്ടോ? പോർട്ട് യഥാർത്ഥത്തിൽ മണലൂറ്റാൻ പാസ്സ് കൊടുക്കുമ്പോൾ ഊറ്റുന്ന മണൽ എന്തിനാണ് ഉപയോഗിക്കുന്നതെന്ന് പരിശോധിക്കുന്നുണ്ടോ? ഇത്തരം കാര്യങ്ങളെല്ലാം പരിശോധിക്കുന്നതിനുള്ള നടപടി  ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. മണൽ മാഫിയയെ അഴിഞ്ഞാടാൻ വേണ്ടി നിശബ്ദമായിരിക്കുന്നതിനുപകരം സർക്കാർ ഈ ഇക്കാര്യത്തിൽ ഉണർന്ന് പ്രവർത്തിക്കുകയും പോർട്ടും റവന്യൂ ജിയോളജി വകുപ്പുകൾ വ്യത്യസ്ത മേഖലയിൽ നടത്തുന്ന മണൽ കടവുകൾക്ക് നിയന്ത്രണമേർപ്പെടുത്താൻ ഒരു സംവിധാനമുണ്ടാക്കുകയും മണൽ കലവറകൾ എല്ലാ ജില്ലകളിലും ആരംഭിക്കുകയും ഓൺലൈൻ രജിസ്ട്രേഷൻ ഉൾപ്പെടുന്ന പ്രീപെയ്ഡ് സംവിധാനം

**Uncorrected / Not for publication**

മണൽ വിതരണത്തിന് കൊടുക്കുന്ന നടപടിയും സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടാകണമെന്ന് ആവശ്യപ്പെടുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, നാടിന്റെ ജീവനാഡികളാണ് നദികൾ. അവ സംരക്ഷിപ്പെടേണ്ടത് ഭാവിതല മുറയുടെ നിലനിൽപ്പിനും പരിസ്ഥിതി സന്തുലിതാവസ്ഥക്കും അത്യന്താപേക്ഷിതമാണ്. എന്നാൽ മണലിന്റെ വർദ്ധിച്ചുവരുന്ന ആവശ്യകത നദികളെ അനിയന്ത്രിതമായി ചൂഷണത്തിന് വിധേയമാക്കിക്കൊണ്ടിരിക്കുകയാണ്. ഇപ്രകാരം നദികളിലുള്ള ചൂഷണം ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമവും 2002-ലെ അനുബന്ധചട്ടങ്ങളും നിലവിൽ വന്നു. അംഗീകൃത കടവുകളിൽനിന്ന് മണലെടുക്കുന്നതിന് ജില്ലാ വിദഗ്ദ്ധ സമിതി നിശ്ചയിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ അളവിൽ മണൽ വാരുന്നത് തടയാനുള്ള നടപടികൾ അതാത് കടവ് കമ്മിറ്റികൾ സ്വീകരിച്ചുവരുന്നുണ്ട്. ജില്ലയിൽ ഉപ്പുമണലുള്ള സ്ഥലങ്ങളിൽ അംഗീകൃത കടവുകളില്ല. അനധികൃത മണലെടുപ്പിനെതിരെ പോലീസ്-റവന്യൂ വകുപ്പുകൾ അതിശക്തമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. പൊന്നാനി പോർട്ടിൽ അഴിമുഖത്തുനിന്ന് പിറകിലോട്ട് 2.41 കിലോമീറ്റർ ദൂരം തുറമുഖ വകുപ്പിന്റെ കീഴിലുള്ള പ്രദേശമാണ്. ഇവിടെ നീരൊഴുക്ക് തടസ്സപ്പെടാതിരിക്കാൻ തൊഴിലാളികളെ ഉപയോഗിച്ച് ഡ്രെഡ്ജിംഗ് നട

ത്തുന്നുണ്ട്. തൊഴിലാളികളുടേതായ ഇരുപത്തഞ്ചോളം സൊസൈറ്റികൾക്ക് അവിടെ മണൽ നീക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. ഈ മണൽ ശുദ്ധീകരിച്ച് വിൽപ്പന നടത്തുന്നത് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ മാനദണ്ഡങ്ങൾ അനുസരിച്ചായിരിക്കണമെന്നും വ്യവസ്ഥയുണ്ട്. ഇത് എത്രമാത്രം കൃത്യതയോടെ പാലിക്കപ്പെടുന്നുവെന്ന് പരിശോധിക്കുവാൻ റവന്യൂ വകുപ്പിന് അധികാരമില്ല. അനധികൃത മണൽകടത്ത് പിടിക്കപ്പെടുമ്പോൾ ലഭിക്കുന്ന മണലിൽ ഇത്തരം മണലും കലർന്നിട്ടുള്ളതായി റവന്യൂ അധികാരികളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2001-ലെ കേരള നദീതര സംരക്ഷണവും മണൽ വാരൽ നിയന്ത്രണ നിയമവും പ്രാവർത്തികമാക്കുന്നതുമായി ബന്ധപ്പെട്ട് ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇതിലൂടെ അനധികൃത മണലൂറ്റും മണൽ കടത്തും കാര്യക്ഷമമായി തടയുന്നതിന് കഴിയുമെന്നാണ് വിശ്വാസം.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>:സർ, പോർട്ടിൽനിന്നെടുക്കുന്ന ഉപ്പ് കലർന്ന മണലാണ് കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ വിറ്റുകൊണ്ടിരിക്കുന്നത്. ആ മണൽ ഉപയോഗിച്ച് കെട്ടിടങ്ങൾ നിർമ്മിച്ചാൽ കെട്ടിടങ്ങൾക്ക് 5 വർഷം പോലും കാലാവധിയുണ്ടാകില്ലെന്ന് ശാസ്ത്രീയമായ പഠനങ്ങൾ തെളിയിച്ചിരിക്കുകയാണ്. ഉപ്പുകലർന്ന മണൽ യഥാർത്ഥ മണലാണെന്ന വ്യാജേന വിറ്റഴിക്കുന്നത് തടയുന്നതിന് ഗവൺമെന്റിന്റെ സംവി

ധാനമെന്താണ്? മണൽ ലഭ്യത ഉറപ്പുവരത്താൻ 209 കിലോമീറ്റർ ഒഴുകി അറബിക്കടലിൽ ചേരുന്ന ഭാരതപ്പുഴയുടെ അവസാന ഭാഗത്ത് മധ്യ ത്തിലായി മണൽ കുന്നുകൂടികിടക്കുകയാണ്. ഇവിടെനിന്ന് ഇതിനായി ഒരു പ്രത്യേക അതോറിറ്റി രൂപീകരിച്ചാൽ ലക്ഷക്കണക്കിന് ടൺ മണൽ ലഭിക്കുന്നതാണ്. ഇതിനായി ഒരു പ്രത്യേക പദ്ധതി ഗവൺമെന്റ് ആവിഷ്ക രിക്കണം.

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇന്ന് മണലിന്റെ അപര്യാപ്തത വളരെ പ്രധാന പ്പെട്ടവിഷയമായി മാറിക്കൊണ്ടിരിക്കുകയാണ്. മണലുള്ള നദിക ളിൽനിന്നുപോലും ആവശ്യകതയനുസരിച്ച് മണലെടുക്കാൻ കഴിയുന്നില്ല. അത്തരം കാര്യങ്ങൾ പരിശോധിച്ച് സത്വര നടപടി സ്വീകരിക്കുന്നതാണ്.

## മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ അവകാശം

ഡോ. എൻ. ജയരാജ്: സർ, മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പഠന പരിശീലനം നൽകുന്നതിനായി കേരളത്തിൽ പേഴ്സൺ വിത്ത് ഡിസെബിലിറ്റീസ് ആക്ട്, 1995 അനുസരിച്ച് രജിസ്റ്റർ ചെയ്ത 272 സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. ഒന്നൊഴികെ, 271 സ്കൂളുകളും സന്നദ്ധ സംഘടനകളുടെ ആഭിമുഖ്യത്തിൽ നടത്തുന്നവയാണ്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും നാമമാത്രമായ സാമ്പത്തികസഹായം ലഭിക്കുന്ന ഈ സ്ഥാപനങ്ങളിൽ 17000-ഓളം കുട്ടികൾ പരിശീലനം നേടുന്നുണ്ട്. ഇവരെ പരിശീലിപ്പിക്കുന്നതിനായി റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിശ്ചിത യോഗ്യത നേടിയ 3000-ഓളം അദ്ധ്യാപകരും ഏതാണ്ട് 2000-ഓളം അനദ്ധ്യാപകരും പ്രവർത്തിക്കുന്നുണ്ട്. 272 സ്പെഷ്യൽ സ്കൂളുകളിൽ 54 സ്കൂളുകൾക്ക് മാത്രമാണ് കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായം ലഭിക്കുന്നത്. ബാക്കിയുള്ളവയ്ക്ക് ഓരോ വർഷവും സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുന്ന തുക, കുട്ടികളുടെ എണ്ണമനുസരിച്ച് വീതിച്ച് നൽകുന്ന സ്റ്റേറ്റ് ഗവൺമെന്റിന്റെ ഗ്രാന്റ് മാത്രമാണ് ലഭിക്കുന്നത്. വളരെ തുച്ഛമായ ശമ്പളമാണ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്ന ഗ്രാന്റിലൂടെ സ്പെഷ്യൽ സ്കൂളുകൾ അദ്ധ്യാപകർക്ക് നൽകുന്നത്. കേന്ദ്ര

ഗവൺമെന്റ് 18 വയസ്സിനുമുകളിലുള്ള കുട്ടികളെ ഒഴിവാക്കി ഗ്രാന്റ് നൽകുമ്പോൾ സ്റ്റേറ്റ് ഗവൺമെന്റ് അദ്ധ്യാപകരുടെ വേതനത്തിനാവശ്യമായ മൂന്നിലൊന്ന് തുക പോലും നൽകുന്നില്ലെന്നതാണ് യാഥാർത്ഥ്യം. മാനസിക വെല്ലുവിളി നേരിടുന്നവർക്കുവേണ്ടിയുള്ള സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകരിൽ പ്രീ-ഡിഗ്രിയും ഡിപ്ലോമയുമുള്ളവർക്ക് 3800 രൂപയും ഡിഗ്രിയും ഡിപ്ലോമയുമുള്ളവർക്ക് 5800 രൂപയുമായി വേതനം നിജപ്പെടുത്തിയിരിക്കുന്നു. ഇവർക്ക് പെൻഷനോ ഇൻക്രിമെന്റോ മറ്റ് ആനുകൂല്യങ്ങളോ ഇല്ല. ഓണറേറിയമായിട്ടാണ് ഇത് നൽകുന്നത്. ഈ മാനദണ്ഡത്തിലാണ് സ്റ്റേറ്റ് ഗവൺമെന്റും സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകർക്ക് വേതനം നൽകുന്നത്. ഇതേ ക്വാളിഫിക്കേഷനുള്ള സ്പെഷ്യൽ എഡ്യൂക്കേറ്റർ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഐ.ഇ.ഡി. എസ്.എസ്/എസ്എസ്.എ സ്കീമിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകർക്ക് 10200 രൂപയും 15200 രൂപയും നൽകുന്നുണ്ട്. ജോലിഭാരം കൂടുതലുള്ള സ്പെഷ്യൽ സ്കൂളിലെ അദ്ധ്യാപകർക്ക് ഇത്രയും കുറഞ്ഞ വേതനം നൽകുന്നത് സാമൂഹിക നീതിയല്ല എന്നതാണ് ഞാൻ സൂചിപ്പിക്കുന്നത്. കേന്ദ്രഗവൺമെന്റിന്റെ ധനസഹായം ലഭിക്കുന്ന സ്പെഷ്യൽ സ്കൂളുകളിലെ 18 വയസ്സിനുമുകളിലുള്ള കുട്ടികൾക്ക് യാതൊരു ധനസഹായവും ഗവൺമെന്റിൽനിന്ന് ലഭിക്കുന്നില്ല. അതിനാൽ 18 വയസ്സിനുമുകളിലുള്ള വിദ്യാർത്ഥികൾക്കാനുപാതികമായി അദ്ധ്യാപകർക്ക് വേതനം നൽകുന്നി

ല്ല. മിക്കവാറും സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികളിലധികവും 18 വയസിന് മുകളിലുള്ളവരാണ്. കാഴ്ചവൈകല്യവും ശ്രവണ വൈകല്യവുമുള്ള കുട്ടികൾക്കുവേണ്ടിയുള്ള സ്കൂളുകൾക്കെല്ലാം ഘട്ടം ഘട്ടമായി സൗജന്യ വിദ്യാഭ്യാസം ഉറപ്പാക്കുന്ന എയിഡഡ് സ്റ്റാറ്റസ് സംസ്ഥാന ഗവൺമെന്റ് നൽകിവരുന്നു. എന്നാൽ മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ സ്പെഷ്യൽ സ്കൂളുകൾക്ക് എയിഡഡ് സ്റ്റാറ്റസ് പരിഗണിക്കാൻപോലും ഇതുവരെ തയ്യാറായിട്ടില്ല. സാധാരണ കുട്ടികൾക്ക് നൽകുന്നതുപോലെ എഴുത്തിലൂടെയും വായനയിലൂടെയും മാത്രമുള്ള വിദ്യാഭ്യാസമല്ല മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകുന്നത്. മാനസിക വെല്ലുവിളി നേരിടുന്നവർക്ക് വിദ്യാഭ്യാസം നൽകുന്നത് പേഴ്സണൽ ആഡിക്വസി, സോഷ്യൽ കോമ്പീറ്റൻസി, എക്കണോമിക് ഇൻഡിപെൻഡൻസ്  എന്നീ മൂന്ന് ലക്ഷ്യങ്ങളോടെയാണ്. വിദ.്യാഭ്യാസത്തിൽ സാധാരണ കുട്ടികളിൽ നിന്നും വിഭിന്നമായ പരിശീലനവും വിദ്യാഭ്യാസ ലക്ഷ്യവുമാണ് നൽകുന്നതെങ്കിൽപ്പോലും ഇവരുടെ പഠന പ്രവർത്തനങ്ങൾ വിദ്യാഭ്യാസമല്ലാതെയാകുന്നില്ല. പി.ഡബ്ല്യു.ഡി ആക്ട് 1995-ൽ 18 വയസുവരെയുള്ളവർക്ക് സൗജന്യ വിദ്യാഭ്യാസം നൽകണമെന്നും 18 വയസിനുമുകളിലുള്ളവർക്ക് സൗജന്യമായ തൊഴിൽ പരിശീലനം നൽകണമെന്നും പറയുന്നുണ്ട്. എന്നാൽ പി.ഡബ്ല്യു.ഡി ആക്ട് ഇതുവരെ നടപ്പാക്കിയിട്ടില്ല. സ്പെഷ്യൽ സ്കൂളുകളിൽ പഠിപ്പിക്കുന്ന അംഗീകരിച്ച വിദ്യാഭ്യാസ യോഗ്യതയുള്ള അദ്ധ്യാപകർ സാധാരണ

**Uncorrected / Not for publication**

സ്കൂളുകളിലെ അദ്ധ്യാപകരുടേതിൽനിന്ന് വളരെ വ്യത്യസ്തമായ ജോലി യാണ് ചെയ്യുന്നത്. എസ്.എസ്.എയുടെ സ്പെഷ്യൽ എഡ്യൂക്കേറ്റർ ജന റൽ അവയർനെസും ടീച്ചർ ഓറിയന്റേഷനും മാത്രമാണ് നൽകുന്ന തെങ്കിൽ സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകർ മാനസിക വെല്ലുവിളി നേരിടുന്ന ഒരു വിഭാഗത്തിലെ moderate, severe, profound multiple disorder വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ ടോയിലറ്റ് ട്രെയിനിംഗ് മുതൽ വൊക്കേഷണൽ ട്രെയിനിംഗ് വരെയുള്ള കാര്യങ്ങളിൽ പരിശീലനം നൽകുന്നു. എസ്.എസ്.എ യുടെ കീഴിലുള്ള ക്ലാസ്സുകളിൽ മൈൽഡ് കാറ്റ ഗിയിലുള്ള മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികളെ മാത്രമാണ് പരിശീലിപ്പിക്കുന്നത്. Moderate, severe, profound multiple disorder വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സ്പെഷ്യൽ സ്കൂളുകളിൽ പരിശീലനം ആശ്യമാണ്. ചുരുക്കത്തിൽ അന്ധ-ബധിര-മൂക വിദ്യാലയങ്ങളെ എയി ഡഡ് പദവിയിലേയ്ക്ക് കൊണ്ടുവരാൻ സംസ്ഥാന ഗവൺമെന്റ് വളരെ ശ്ലാഘനീയമായ ശ്രമമാണ് നടത്തിയത്. ഗവൺമെന്റ് മേഖലയിൽ ഒരു സ്കൂൾ മാത്രം നിലനിൽക്കുമ്പോൾ, എൻ.ജി.ഒ കളും മറ്റ് സന്നദ്ധ സംഘ ടനകളും നടത്തുന്ന സ്കൂളുകൾക്കും അവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തിക്കൊണ്ട് എയിഡഡ് സ്റ്റാറ്റസ് നൽകുവാനും അദ്ധ്യാപകർക്ക് ന്യായമായ വേതനം ഉറപ്പുവരുത്തുവാനുമുള്ള നടപടി സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

**Uncorrected / Not for publication**

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്) : സർ, സംസ്ഥാനത്ത് മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി 273 സ്പെഷ്യൽ സ്കൂളുകൾ വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാര ത്തോടുകൂടി പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ വ്യക്തികൾ, സന്നദ്ധ സംഘ ടനകൾ, ട്രസ്റ്റുകൾ, സമുദായ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ആഭിമുഖ്യ ത്തിലാണ് പ്രസ്തുത സ്കൂളുകൾ പ്രവർത്തിക്കുന്നത്. ഇത്തരം സ്ഥാപന ങ്ങളിൽ 55 എണ്ണത്തിന് കഴിഞ്ഞ വർഷം കേന്ദ്ര ഗവൺമെന്റിന്റെ ദീനദ യാൽ ഡിസ് ഏബിൾഡ് റീഹാബിലിറ്റേഷൻ സ്കീം (ഡി.ഡി.ആർ.എസ്.) പ്രകാരം ധനസഹായം ലഭിച്ചിരുന്നു. ശേഷിക്കുന്ന സ്കൂളുകൾക്ക് സംസ്ഥാന സർക്കാർ കഴിഞ്ഞ വർഷം 10 കോടി രൂപ അനുവദിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം വിതരണം ചെയ്തിട്ടുണ്ട്. നടപ്പു വർഷവും പ്രസ്തുത ആവിശ്യത്തിന് 10 കോടി രൂപ വകയിരുത്തിയിട്ടു ണ്ട്. ഒരു സ്ഥാപനത്തിന് കുറഞ്ഞത് 2 ലക്ഷം രൂപയും പരമാവധി 12 ലക്ഷം രൂപയും അനുവദിച്ചുവരുന്നു. ഇപ്രകാരം ഓരോ സ്ഥാപനത്തിനും നൽകിവരുന്ന ധനസഹായത്തിന്റെ 40 ശതമാനം അദ്ധ്യാപകർക്ക് നൽകുന്ന ഓണറേറിയത്തിനായി മാറ്റി വയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടു ണ്ട്. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സ്പെഷ്യൽ സ്കൂളിലെ അദ്ധ്യാപകർക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്റഗ്രേറ്റഡ് എഡ്യൂക്കേഷൻ ഫോർ ഡിസ് ഏബിൾഡ് (ഐ.ഇ.ഡി.), ഇൻക്ലൂസീവ്

എഡ്യൂക്കേഷൻ ഫോർ ദി ഡിസ് ഏബിൾഡ് സെക്കണ്ടറി സ്റ്റേജ് (ഐ.ഇ.ഡി.എസ്.എസ്.) സ്കീമിനോട് താരതമ്യപ്പെടുത്തി ഓണറേറിയം അനുവദിച്ചുവരുന്നു. അപ്പർ പ്രൈമറി വിഭാഗം ടീച്ചർമാർക്ക് പ്രതിമാസം 10,000 രൂപയായും ഹൈസ്കൂൾ/ഹയർ സെക്കണ്ടറി വിഭാഗം ടീച്ചർമാർക്ക് പ്രതിമാസം 14,620 രൂപയായും 2012 ഏപ്രിൽ മാസം മുതൽ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. മാസനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ അവരുടെ ബുദ്ധിവികാസത്തിന്റെ (ഐ.ക്യു.) അടിസ്ഥാനത്തിൽ മിഡ് (70-50), മോഡറേറ്റ് (50-35) രീതിയിലുള്ള വിദ്യാഭ്യാസം നൽകുവാൻ കഴിയുകയുള്ളു. ഇപ്രകാരമുള്ള കുട്ടികൾക്ക് ഇന്റഗ്രേറ്റഡ് എഡ്യൂക്കേഷൻ ഫോർ ഡിസ് ഏബിൾഡ് (ഐ.ഇ.ഡി.), ഇൻക്ലൂസീവ് എഡ്യൂക്കേഷൻ ഫോർ ദി ഡിസ് ഏബിൾഡ് സെക്കണ്ടറി സ്റ്റേജ് (ഐ.ഇ.ഡി.എസ്.എസ്.) എന്നീ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം എല്ലാവിധ പഠന സൗകര്യങ്ങളും പൊതുവിദ്യാലയങ്ങളിൽ ഒരുക്കിയിട്ടുണ്ട്. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പഠന കാര്യത്തിലും മറ്റും സഹായിക്കുന്നതിന് പ്രത്യേക പരിശീലനം നേടിയ അദ്ധ്യാപകരെ കരാർ വ്യവസ്ഥയിൽ റിസോഴ്സ് ടീച്ചർമാരായി പൊതുസ്കൂളുകളിൽ നിയമിച്ചിട്ടുണ്ട്. 1 മുതൽ 8 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് സാമ്പത്തിക സഹായവും നൽകിവരുന്നു. കൂടാതെ സർക്കാർ മേഖലയിൽ തിരുവനന്തപുരത്ത് പാങ്ങപ്പാറയിൽ സി.എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് (എസ്.ഐ.എം.സി.) എന്ന സ്ഥാപനവും പ്രവർത്തിക്കു

ന്നുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് താമസിച്ച് പഠിക്കുന്നതിനും തൊഴിൽ പരിശീലനം ലഭിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. റൈറ്റ് ഓഫ് ചിൽഡ്രൻ ടു ഫ്രീ ആന്റ് കംപൽസറി എഡ്യൂക്കേഷൻ ആക്റ്റ് 2009 വ്യവസ്ഥകൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. മാനസിക വൈകല്യമുള്ള കുട്ടികൾ ഈ നിയമത്തിന്റെ പരിധിയിൽ ഇപ്പോൾ വരുന്നില്ലെന്നുള്ളതാണ് വസ്തുത. മാനസികമായി വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള പഠന സൗകര്യം ലഭ്യമാക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. ഇവർക്ക് അനുയോജ്യമായ വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നൽകി പുനരധിവസിപ്പിക്കേണ്ടതായിട്ടുണ്ട്. മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി പഠിക്കുന്നതിനും അവയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനും സമഗ്രമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും സി.എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് പ്രിൻസിപ്പൽ ഡോ. എം.കെ. ജയരാജിനെ ഏകാംഗ കമ്മീഷനായി സർക്കാർ നിയമിച്ചിട്ടുണ്ട്. 2 മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ കമ്മീഷന് നിർദ്ദേശം നൽകിയിരിക്കുകയാണ്. പ്രസ്തുത കമ്മീഷൻ സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം പഠന സൗകര്യ

ങ്ങൾ ഒരുക്കുന്നതിനും അതോടൊപ്പം ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച മറ്റ് കാര്യങ്ങളിലും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ഡോ. എൻ. ജയരാജ് : സർ, ഡോ. എം.കെ. ജയരാജ് കമ്മീഷൻ വളരെ ഗൗരവമായി തന്നെ ഈ വിഷയത്തെ കാണുകയും മിക്കവാറും എല്ലാ സ്ഥലങ്ങളിലും സിറ്റിംഗ് നടത്തുകയുമുണ്ടായി. ഇതിലുള്ള പ്രധാന മായ വിഷയം സ്റ്റേറ്റ് ഗവൺമെന്റ് നൽകുന്ന ഗ്രാന്റ് കുട്ടികൾക്ക് ആനുപാ തികമായി ഓരോ സ്കൂളിലേയ്ക്കും നൽകുമ്പോൾ അതോടൊപ്പം നൽകുന്ന ഗൈഡ്‌ലൈനിൽ അദ്ധ്യാപകർക്ക് 3800 രൂപ വീതം ശമ്പളം നൽകണമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്. എന്നാൽ ഗ്രാന്റ് തുകയിൽ നിന്നും 40 ശതമാനം മാത്രമേ ശമ്പളത്തിനായി ഉപയോഗിക്കാവൂ എന്നും പറയുന്നു. ഒരു സ്കൂളിലെ അദ്ധ്യാപകരുടെ ശമ്പളത്തിന്റെ മൂന്നിലൊന്നിന് പോലും തികയുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. യഥാർത്ഥത്തിൽ ഈ മേഖലയിൽ ആവശ്യമായ ക്വാളിഫിക്കേഷനുള്ള അദ്ധ്യാപകരെ പലപ്പോഴും ലഭിക്കുന്നില്ല. അതോടൊപ്പം തന്നെ മറ്റ് ഇതര മേഖലകളിലേയ്ക്ക് ആളുകൾ പോകുന്നു. ദേശീയ തൊഴിലുറപ്പ് പദ്ധതി യിൽ പ്രവർത്തിക്കുന്ന ആളുകൾക്ക് പോലും 3800 രൂപയേക്കാൾ ശമ്പളം കിട്ടും. ഇത് വളരെ ഗൗരവമായ വിഷയമായി കണ്ടുകൊണ്ട് ന്യാ യമായ ശമ്പളം അദ്ധ്യാപകർക്ക് കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം.

ശ്രീ. പി.കെ. അബ്ദു റബ്ബ് : സ്പെഷ്യൽ സ്കൂളുകളിൽ അദ്ധ്യാപക രായി നിയമിക്കപ്പെടുന്നതിന് ബിരുദം, ബിരുദാനന്തര ബിരുദം, സ്പെഷ

്യൽ എഡ്യൂക്കേഷനിൽ ഡിഗ്രി/ഡിപ്ലോമ, നിർദ്ദിഷ്ട വർഷങ്ങളിലെ പരിചയം എന്നിവ ആവശ്യമാണ്. അതിനനുസരിച്ച് മാത്രമേ അവരുടെ വേതനം നിശ്ചയിക്കാൻ കഴിയൂ. ഏതായാലും ഡോ. എം.കെ. ജയരാജ് കമ്മീഷൻ റിപ്പോർട്ട് വരുന്ന മുറയ്ക്ക് ഇതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും വളരെ അനുകൂലമായ നിലപാടുകൾ സ്വീകരിക്കണമെന്ന് തന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം.